# India-Kazakhstan Foreign Office Consultations

November 17, 2020

---

### ഇന്ത്യ -കസാക്കിസ്ഥാൻ ഫോറിൻ ഓഫിസ് കൺസൾട്ടേഷൻ

നവംബർ 17, 2020

ഇന്ത്യയും കസാക്കിസ്താനും തമ്മിലുള്ള 7 മത് ഘട്ട ഫോറിൻ ഓഫിസ് കസൾട്ടേഷനുകൾ ഡിജിറ്റൽ വീഡിയോ കോൺഫറൻസിലൂടെ 2020 നവംബർ 17 ന് നടന്നു.ഇന്ത്യൻ വിഭാഗത്തെ സെക്രട്ടറി (വെസ്റ്റ്) ശ്രീ വികാസ് സ്വാരൂപും ഖസാക്ക് വിഭാഗത്തെ കസാക്കിസ്ഥാൻ റിപ്പബ്ലിക്കിലെ വിദേശകാര്യ വകുപ്പിലെ ആദ്യ ഉപപ്രധാനമന്ത്രിയായ ശ്രീ. ഷാക്ര നൂറിസേവും നയിച്ചു.

പര്യാലോചനകൾക്കിടയിൽ, നയതന്ത്ര പങ്കാളിത്തത്തിന്റെ ചട്ടക്കൂടിൽ ഉള്ള ഉഭയകക്ഷി സഹകരണത്തിന്റെ മൊത്തം പരിതഃസ്ഥിതിയും ഇരു വിഭാഗങ്ങളും അവലോകനം ചെയ്തു. പര്യാലോചനയിൽ രാഷ്ട്രീയം, സാമ്പത്തികം, വ്യവസായികം, ഊർജം , പ്രതിരോധം, ബഹിരാകാശം കൂടാതെ സാംസ്കാരിക വിഷയങ്ങളും ചർച്ച ചെയ്തു. കോവിഡ്-19 പകർച്ചവ്യാധിയുടെ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള അനുഭവങ്ങളും അവർ പങ്കുവച്ചു.

പരസ്പര താല്പര്യമുള്ള പ്രാദേശികവും അന്തർദേശീയവുമായ വിഷയങ്ങളും ഇരു വിഭാഗങ്ങളും ചർച്ച ചെയ്യുകയും 2021 -22 കാലയളവിലെ ഇന്ത്യയുടെ വരാനിരിക്കുന്ന ഐക്യ രാഷ്ട്ര സഭ സുരക്ഷാ കൗൺസിൽ അംഗത്വം ഉൾപ്പെടയുള്ള ബഹുരാഷ്ട്ര പ്രവർത്തനരംഗങ്ങളിൽ സഹകരണം ശക്തിപ്പെടുത്തുന്നതിന് അനുകൂലിക്കുകയും ചെയ്തു.

അടുത്തിടെ നടന്ന ഇന്ത്യ -സെൻട്രൽ ഏഷ്യ പ്രസ്താവനയിൽ വിദേശകാര്യമന്ത്രി പ്രഖ്യാപിച്ചത് പോലെ, " കസാഖിസ്ഥാനിൽ ഇന്ത്യയുടെ സഹായത്തോടെയുള്ള ഉയർന്ന പ്രഭാവമുള്ള സമൂഹ വികസന പ്രോജക്ടുകൾ " എന്ന വിഷയത്തിലുള്ള പരസ്പരധാരണ ഇരു വിഭാഗങ്ങളും ഫോറിൻ ഓഫിസ് കൺസൾട്ടേഷനിൽ ഒപ്പു വച്ചു.

സംഭാഷങ്ങൾ സൗഹൃദപരവും ഊഷമളവുമായ അന്തരീക്ഷത്തിൽ നടന്നു.ഭൗതികമായുള്ള അടുത്ത ഘട്ട കൺസൾട്ടേഷനുകൾ ഇരു വിഭാഗത്തിനും സമ്മതമായ തിയ്യതിയിൽ നടത്തുന്നതിന് സമ്മതിച്ചു.

**ന്യൂ ഡൽഹി**

**17 നവംബർ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.